## അദ്ധ്യായം മൂന്ന്

# ശരിയായ പിൻതുടർച്ച
**(Continuing Properly)**

ശിഷ്യന്മാരെ നേടുക, അതിനുള്ളവഴി പിൻതുടരണമെന്ന് ദൈവം എന്നെക്കുറിച്ച് അഗ്രഹിച്ചു. എന്നാൽ ആ ലക്ഷ്യത്തിനെതിരായി പല വഴികളിൽ സഞ്ചരിച്ച് അനേക വർഷം ഞാൻ പ്രവർത്തിച്ചു. കൃപയാൽ പരിശുദ്ധാത്മാവ് എന്റെ കണ്ണുതുറന്നു. എന്റെ തെറ്റുകൾ എനിക്ക് ബോദ്ധ്യമായി. ഞാൻ ഒരു പുതിയ പാഠം പഠിച്ചു – ഞാൻ പഠിച്ചതും വിശ്വസിച്ചതുമായ സകല കാര്യങ്ങളേയും വചനത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ ചോദ്യം ചെയ്യണം. ദൈവത്തിന്റെ അരുളപ്പാടുകൾ മനസ്സിലാക്കാൻ കഴിയാത്തവിധം മറ്റേതിനേക്കാളും നമ്മുടെ പാരമ്പര്യം നമ്മെ കുരുടരാക്കുന്നു. ഇതര ക്രിസ്തീയ കൂട്ടത്തിൽ നിന്നും വ്യത്യസ്തമായി, സത്യം അറിഞ്ഞ ഉത്തമന്മാരുടെ സംഘത്തിലാണ് നാമും; അതു വാസ്തവം തന്നെ, എന്നാലും നമ്മുടെ പാരമ്പര്യത്തിൽ നമുക്കുള്ള അഹന്ത ഇനിയും മാറ്റമില്ലാതെ തുടരുന്നു. ഇന്ന് ലോകത്ത് 32,000 ക്രിസ്തീയ സമൂദായങ്ങൾ ഉ ്. ഒരു ടീച്ചർ നർമ്മം കലർത്തി പറഞ്ഞു, ഇതിൽ ശരിയായ ഒന്നിൽ അംഗത്വം ലഭിക്കുന്നത് ഭാഗ്യകരമല്ലെ?

നമ്മുടെ നിഗളം മൂലം ദൈവം നമ്മെ എതിർക്കുന്നു. ദൈവം നിഗളികളോടു എതിർത്തുനില്ക്കുന്നു. എളിമ ധരിച്ചു സമർപ്പണത്തോടു ആയിരിക്കുന്നവർക്കു മാത്രമെ യേശുവിൽനിന്ന് എന്തെങ്കിലും പ്രാപിക്കാൻ കഴിയുകയുള്ളു. അങ്ങനെയുള്ളവർക്ക് കൃപ ലഭിക്കുന്നു.

### ഒരു ഇടയന്റെ ചുമതല
**(The Role of the Paster Considered)**

താൻ ശുശ്രൂഷയിലുടെ ചെയ്യാനാഗ്രഹിക്കുന്നകാര്യങ്ങളുടെ വ്യക്തമായ രൂപരേഖ തയ്യാറാക്കുകയാണ് ശിഷ്യന്മാരെ നേടുവാൻ ആഗ്രഹിക്കുന്ന ഒരു ശുശ്രൂഷകൻ ആദ്യം ചെയ്യേത്. യേശുവിന്റെ കല്പനകളെ പ്രമാണിക്കുന്ന ശിഷ്യന്മാരെ വാർത്തെടുക്കാൻ ഞാൻ എന്ത് ചെയ്യുന്നു,എങ്ങിനെ ചെയ്യുന്നു എന്ന് തന്നോടുതന്നെ ഒരു ശുശ്രൂഷകൻ നിരന്തരം ചോദിക്കണം. സ്വയം ശോധന ചെയ്യപ്പെടുന്ന ഈ ചോദ്യം സത്യമായി സ്വയം ചോദിച്ചാൽ, ക്രിസ്ത്യാനിത്വത്തിന്റെ മറക്കുടക്കുള്ളിൽ അടിഞ്ഞുകൂടിയിരിക്കുന്ന പല മാലിന്യങ്ങൾ പുറത്തുചാടും.

ഒരു ഇടയന്റെ/മൂപ്പന്റെ/മേൽവിചാരകന്റെ[8] ശുശ്രൂഷ ഒരു പ്രാദേശിക സഭയിൽ ഒതുങ്ങുന്നു. യേശുവിന്റെ കല്പനകൾ അനുസരിക്കുന്ന ശിഷ്യന്മാരെ വാർത്തെടുക്കാൻ യത്നിക്കുന്ന ഇവരുടെ പ്രാഥമിക ഉത്തരവാദിത്ത്വം എന്തായിരിക്കും? സ്വാഭാവികമായി മനസ്സിൽ ആദ്യം വരുന്നത് പഠിപ്പിക്കുക എന്നായിരിക്കും. യേശു പറഞ്ഞു ശ്ഷ്യന്മാരെ വാർത്തെടുക്കുന്നത് പഠിപ്പിക്കൽ എന്ന പ്രക്രിയയിലുടെയാണ് (മത്തായി 28:19-20). ഇടയൻ/മൂപ്പൻ മേൽവിചാരകൻ ഇവർക്കുള്ള പ്രഥമ യോഗ്യത ഇവർ പഠിപ്പിക്കാൻ കഴിവുള്ളവരായിരിക്കണം എന്നതാണ് (1തിമോ 3:2). വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്നവരെ ഇരട്ടിമാനത്തിനു യോഗ്യരായി എണ്ണുക (1 തിമോ 5:17).

ഒരിടയൻ തന്റെ പ്രബോധനത്തെ മുല്യനിർണ്ണയുചെയ്യണം. അതിന് എന്ത് നേട്ടം വരിക്കുവാൻ കഴിഞ്ഞു എന്നും ചിന്തിക്കണം.

ആരാധനകളിൽ സന്ദേശം നൽകുന്നതിലൂടെ ഒരു ഇടയന്റെ (ുമലൃേ) ഉത്തരവാദിത്വം പൂർണ്ണമാകുന്നോ? അതേ, എന്നുതോന്നുന്നുവെങ്കിൽ ശ്രദ്ധിക്കുക - മാതൃകാപരമായ സ്വന്തം ജീവിതശൈലിയിലൂടെയാണ് ഈ ഉത്തവാദിത്വം പ്രാഥമികമായി പൂർത്തീകരിക്കപ്പെടുന്നത്. നിത്യജീവിതത്തിലെ തന്റെ ഉപദേശം ജീവിതത്തോടും ശുശ്രൂഷയോടും ബന്ധപ്പെട്ടിരിക്കുന്നു. അതുകൊ് മുപ്പന്മാർ/ഇടയന്മാർ/മേൽവിചാരകന്മാർ ഉവർക്കൊക്കെ ഒരു വ്യക്തിയുടെ സ്വഭാവരൂപീകരണ ത്തിൽ വലിയ പങ്കു്. ഒരു വ്യക്തിയുടെ സ്വഭാവത്തോടും ജീവിത ശൈലിയോടും ബന്ധപ്പെട്ട് പ്രവർത്തിക്കേതു്. 1 തിമൊ 3:1-7 വരെയുള്ള വാക്യങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന അദ്ധ്യക്ഷന്മാരുടെ യോഗ്യതയിൽ 15ൽ 14ഉം സ്വഭാവത്തോടു ബന്ധപ്പെട്ടതാണ്. ഒന്നു മാത്രമേ അദ്ധ്യാപനത്തിന്റെ കഴിവിനോടു ബന്ധപ്പെടുന്നുള്ളു. തീത്തോ 1:5-9ൽ പ്രതിപാദിച്ചിരിക്കുന്ന മൂപ്പന്മാരുടെ 18 യോഗ്യതകളിൽ 17ഉം സ്വഭാവശുദ്ധിയുമായി ബന്ധപ്പെട്ടതാണ്. ഒന്ന് അദ്ധ്യാപനസിദ്ധിയോടു ബന്ധപ്പെട്ടതുമാണ്. പ ൌലോസ് തിമോത്തിയോസിനെ ഉപദേശിക്കുന്നു - ''ആരും നിന്റെ യൗവ്വനം തുച്ഛീകരിക്കരുത്, വാക്കിലും, നടപ്പിലും, സ്നേഹത്തിലും, വിശ്വാസത്തിലും, നിർമ്മലതയിലും, വിശ്വാസികൾക്കു മാതൃകയായിരിക്കുക''

---

8 . പാസ്റ്റർ (ഇടയൻ എന്നർത്ഥമുള്ള ജീശാമശി എന്ന ഗ്രീക്കു പദം) മൂപ്പന് തുല്യമാണ് (ജൃലയൌലേൃീ എന്ന ഗ്രീക്കുപദം) ഇത് മേൽ വിചാരകന് തുല്യമാണ് (ലുശസെീുീ എന്ന ഗ്രീക്കുപദം ബിഷപ്പ് എന്ന് ഗന്ധഖയിൽ വിവർത്തനം ചെയ്തിരിക്കുന്നു. ആടുകളെ പരിപാലിക്കാനുള്ള ചുമതല മേൽ വിചാരകന്മാരെ പരിശുദ്ധാത്മാവ് ഏല്പിച്ചിരിക്കുന്നു എന്ന് എഫസോസിലുള്ള മൂപ്പന്മാരോടു പൗലോസ് പറയുന്നു (അപ്ര 20:28) തീത്തോസ് 1:5-7 വാക്യങ്ങളിലും ഈ പദങ്ങൾ ഉപയോഗിച്ചിരിക്കുന്നു. പത്രോസും ആടുകളെ പരിപാലിക്കുവാൻ മൂപ്പന്മാരോടു പറയുന്നു (1 പത്രോ 5:1-2); അനേക സഭകളുടെ മേലദ്ധ്യക്ഷംവഹിക്കുന്ന ഒരു ബിഷപ്പിന്റെ സ്ഥാനം ഇടയനേക്കാളും മൂപ്പനേക്കാളും മുകളിലാണ് എന്ന കുപിടുത്തം തികച്ചും മാനുഷികമാണ്.

(1 തിമോ 4:12) പൗലോസ് വീും ഊന്നൽനൽകിപ്പറഞ്ഞു: “ഞാൻ വരുവോളം, വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്ക” (1 തിമോ 4:13) ഇതിലൂടെ തിമോത്തിയോസിന്റെ അദ്ധ്യാപന ശുശ്രൂഷയുടെ ഗതി പ്രാധാന്യത്തോടെ വിവരിക്കപ്പെടുന്നു. ഇതുപോലെ പൗത്രോസ് എഴുതി:

> നിങ്ങളിലുള്ള മൂപ്പന്മാരെ ഒരു കൂട്ടുമൂപ്പനും ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിനുസാക്ഷിയും വെളിപ്പെടുവാനുള്ള തേജസിനു കൂട്ടാളിയുമായ ഞാൻ പ്രബോധിപ്പിക്കുന്നത്: നിങ്ങളുടെ വിചാരണ യിലുള്ള ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയിച്ചു കൊൾവിൻ, നിർബ്ബന്ധത്താലല്ല, ദൈവത്തിനുഹിതമാംവണ്ണം മനപൂർവ്വമായും, ദുരാഗ്രഹത്തോടെയല്ല, ഉന്മേഷത്തോടെയും, ആട്ടിൻകൂട്ടത്തിനുമേൽ ആധിപത്യം നടത്തുന്നവരായിട്ടല്ല അവർക്കു മാതൃകകളായിത്തീർന്നു കൊ് അദ്ധ്യക്ഷതചെയ്‌വിൻ (1 പത്രോ 5:1-3).

സ്വയം ത്യജിച്ച് ക്രിസ്തുവിനെ അനുസരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നതാരാണ്? നാം അംഗീകരിക്കുന്ന ചിലരുടെ പ്രഭാഷണമാണോ അതോ നാം ആദരിക്കുന്ന ചില വ്യക്തിജിവിതങ്ങളാണോ? സമർപ്പണമില്ലാത്ത, യാഥാസ്തിക ജീവിതശൈലിയുള്ള ഒരു ഇടയനും ക്രൂശ് ചുമക്കാൻ പ്രസംഗിക്കില്ല. അങ്ങനെയുള്ള ഇടയന്മാർ ക്രിസ്തുവിന് വേി സമർപ്പണം ആവശ്യപ്പെടുന്ന സന്ദേശം നൽകേി വന്നാൽ, അവ്യക്തമായ ശൈലിയിലൂടെ മാത്രമേ അത് അവതരിപ്പിക്കയുള്ളു കാരണം ശ്രോതാക്കൾ തന്റെ നിഷ്കളങ്കതയെ ചോദ്യം ചെയ്യും. ഭൂതകാല ക്രിസ്തീയ നേതാക്കന്മാർ പലരും സ്മരിക്കപ്പെടുന്നത് അവരുടെ പ്രഭാഷണത്തിന്റെ ചാതുര്യത്താലല്ല. ത്യാഗപൂർണ്ണമായ ജീവിതശൈലിമൂലമാണ്. അവർ മൺമറഞ്ഞെങ്കിലും അവരുടെ ജീവിത മാതൃക ഇന്നും പ്രചോദനം നൽകുന്നു.

കർത്താവിന്റെ യഥാർത്ഥ ശിഷ്യൻ എന്ന നിലയിൽ അനുസരണ മാതൃകയാക്കുന്നില്ലെങ്കിൽ, ഒരു ഇടയൻ എത്ര പ്രഭാഷണം നടത്തിയാലും അത് പാഴ്‌വേലയാണ്. അല്ലെയോ പാസ്റ്റർ, താങ്കളുടെ മാതൃകാപരമായ ജീവിതം താങ്കളുടെ പ്രഭാഷണത്തേക്കാൾ പതിന്മടങ്ങ് ഫലമുളവാക്കും. തന്നത്താൻ ത്യജിച്ച് കർത്താവിനെ പിൻപറ്റണമെന്ന് നിങ്ങൾ ഉപദേശിക്കുന്നുവോ?

പ്രത്യേകമായ ജീവിതശൈലിയിലും വിശുദ്ധാരാധനയിലെ പ്രഭാഷകൻ എന്ന രീതിയിലും അറിയപ്പെട്ട ഒരിടയൻ തന്റെ ജനത്തെ എങ്ങനെ ഉപദേശിക്കും. ആലയത്തിന്റെ കവാടത്തിൽ വെറും 5 സെക്കന്റ് നേ രം വിശ്വാസിയെ നേരിൽക് കൈകൊടുത്ത് ശുശ്രൂഷകൻ ചുമതല പ ൂർത്തിയാക്കുന്നു. ആധുനികരീതിയിലുള്ള ഈ ശൈലി ശരിയാണെന്ന് പ റയാനാവില്ല.

## അഴ്ചവട്ടത്തിലെ വിശുദ്ധാരാധന സന്ദേശം
## (The Weekly Sunday Morning Sermon)

ആഴ്ചയിലൊരിക്കൽ ഒരുപൊതുസന്ദേശം നൽകുന്നതിലൂടെ ഉപദേശകൻ എന്ന തന്റെ ചുമതല അവസാനിച്ചെന്ന് ഒരു പാസ്റ്റർ നിരൂപിക്കുന്നുവെങ്കിൽ അതുതെറ്റാണ്. യേശുവിന്റെ പരസ്യശുശ്രൂഷാ പ്രഭാഷണം വളരെ ചുരുക്കത്തിലായിരുന്നു. മാത്രമായിരുന്നില്ല ശിഷ്യന്മാരുടെ വ്യക്തിപരമായ സംശയത്തെ ദൂരീകരിക്കുന്ന സ്വകാര്യ സംഭാഷണങ്ങൾ കൂടിയായിരുന്നു. ഈ സംഭാഷണങ്ങൾ അരമണിക്കൂർ ദൈർഘ്യമുള്ളതോ ഏകദിനപ്രഭാഷണങ്ങളോ, ആലയത്തിലെ ആഴ്ചയിലൊരിക്കലുള്ള അരമണിക്കൂർ പ്രഭാഷണം പോലെയോ ആയിരുന്നില്ല. കടലോരങ്ങളിലും, വീടുകളിലും വഴിയോരങ്ങളിലും യേശു നൽകിയ സന്ദേശം തന്റെ ശിഷ്യന്മാർക്ക് അനുകരിക്കാൻ യോഗ്യമായ യേശുവിന്റെ ജീവിത മാതൃകകളായിരുന്നു. ഈ മാതൃക തന്നെയാണ് അപ്പോസ്തലന്മാരും പ ിൻപറ്റിയത്. പെന്തക്കോസ്തു നാളിനുശേഷം പന്ത്ര് അപ്പോസ്തലന്മാരും പള്ളികളിലും ഭവനം തോറും ശുശ്രൂഷിച്ചുപോന്നു. പ ിന്നെ അവൻ ദിനംപ്രതി ദേവാലയ ങ്ങളിലും വീടുതോറും ഉപദേശിക്കയും യേശുവിനെ ക്രിസ്തു എന്ന് സുവിശേഷിക്കയും ചെയ്തുകൊിരുന്നു. (അപ്ര: പ്ര 5:42) ദിനംപ്രതി ജനങ്ങളുമായി ഉപദേശിച്ചു പോന്നു. (അപ്ര: പ്ര: 20:20).

ഒരു ഇടയൻ എന്നരീതിയിൽ നിങ്ങളുടെ ഉപദേശങ്ങളെ യേശുവിന്റെയും അപ്പൊസ്തലന്മാരുടേയും ഉപദേശങ്ങളുമായി താരതമ്യപ്പെടുത്തുക.. നിങ്ങൾ ചെയ്യണമെന്ന് ദൈവം ആഗ്രഹിച്ച കാര്യങ്ങൾതന്നെ നിങ്ങൾ ചെയ്തു കൊിരുന്നു എന്നറിയുന്നത് നല്ലതല്ലേ? 600 വർഷത്തെ സഭാപാരമ്പര്യം നിങ്ങളെ പഠിപ്പിച്ചതുതന്നെയാണ് നിങ്ങൾ ഇപ്പോഴും ചെയ്യുന്നതെന്ന് നിങ്ങൾ തിരിച്ചറിയുന്നുവെങ്കിൽ അതിനെ ഏറ്റവും ശരിയായ ദിശയിലേക്കുള്ള പ്രയാണത്തിന്റെ ആദ്യചുവടായി പരഗണിക്കാം.

നിങ്ങൾ നിങ്ങളോടുതന്നെ ചോദിച്ചേക്കാം: ഇങ്ങനെയുള്ള ശുശ്രൂഷചെയ്യുവാൻ എനിക്കെവിടെ സമയം? നിരന്തരം ഭവനങ്ങൾ സന്ദർശിച്ച് എന്റെ ജീവിതത്തിന്റെ മാതൃക അവർക്ക് കാട്ടിക്കൊടുത്ത് അവരെ സ്വാധീനിക്കുവാൻ എനിക്കെവിടെ സമയം? ഇത് വിസ്മയകരമായ ഒരുചോദ്യംതന്നെ. ഒരു പാസ്റ്ററുടെ അധികാരത്തിൽ ഇതു കൂടാതെ എന്തെങ്കിലും പുതിയ ചുമതലകൾ ഉായെന്ന് നിങ്ങളെ ചിന്തിപ്പിച്ചേക്കാം.

സഭാജനങ്ങളോടു ഇത്രമാത്രം അടുത്ത് ഇടപഴകേ അവശ്യമില്ല, ഞാൻ ബൈബിൾ സ്കൂളിൽ പഠിച്ചിട്ട്. ഒരു പാസ്റ്റർക്ക് കൂട്ടായ്മയിലുള്ളവരോടു അത്രഅടുപ്പം പാടില്ല, തീർച്ചയായും പാസ്റ്റർ എന്ന രീതിയിൽ ബഹുമാനിക്കപ്പെടാൻ അല്പം അകലം കൂടിയേതീരു. ഒരിക്കലും അത്ര സൗഹൃദം പാടില്ല. ഇങ്ങനെ നിങ്ങൾക്ക് ഒരു പക്ഷേ തോന്നിയേക്കാം.

എന്നാൽ ആധുനിക സഭയ്ക്ക് വിരുദ്ധമായ തെറ്റിദ്ധാരണയാണ് ഇതെന്നു നിങ്ങൾക്ക് പെട്ടെന്ന് ബോദ്ധ്യമാകും. യേശു തന്റെ 12 ശിഷ്യന്മാരോടു വളരെ അടുത്തു പെരുമാറി, അതിൽ ഒരുവൻ തന്റെ മാറോടുചാരിഇരുന്നു എന്ന് നാം വായിക്കുന്നു (യോഹ 13: 23-25).

വിജയപ്രദമായ ശുശ്രൂഷ നൽകി യേശു ശിഷ്യന്മാരെ പരിപാലിച്ചു. ഒരിക്കലും അവരെ അകറ്റിയതായികാണുന്നില്ല.

## പഴയ-പുതിയ രീതികളെകുറിച്ച് ഒരു താരതമ്യം
## (Comparison of Methods: Ancient and Modern)

യേശുവിനെ അനുസരിക്കുകയും ശിഷ്യന്മാരെ നേടുകയും ചെയ്യുകയാണ് നമ്മുടെ ലക്ഷ്യമെങ്കിൽ ശിഷ്യന്മാരെ നേടാൻ യേശു സ്വീകരിച്ച മാർഗ്ഗത്തിന്റെ മാതൃക പിൻതുടരുന്നതല്ലെ നല്ലത്? ശിഷ്യന്മാർ യേശുവിന് വേി നന്നായി അദ്ധ്വാനിച്ചു. അവരെ പിൻപറ്റിയ അപ്പോസ്തലന്മാർക്കുവേിയും നന്നായി അദ്ധ്വാനിച്ചു.

കർത്താവിന്റെ കൽപനകളെ പാലിക്കുന്ന ശിഷ്യന്മാരെ നേടാൻ ഇന്ന് ഉപയോഗിക്കുന്ന മാർഗ്ഗങ്ങൾ എന്തൊക്കെയാണ്? അമേരിക്കയിലെ ഒരു പഠനത്തിൽനിന്നും, അവിടുത്തെ ക്രൈസ്തവരും അക്രൈസ്തവരും തമ്മിൽ സ്ഥായിയായി ഒരുവ്യത്യാസവുമില്ലായെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. നാം നമ്മോടുതന്നെ ചിലചോദ്യങ്ങൾ ചോദിച്ച് വചനത്തെ പുനപരിശോധന ചെയ്യേിയിരിക്കുന്നു. പരിശീലനം ലഭിക്കാത്ത പുരോഹിതന്മാരില്ലാതെ, ബൈബിൾ സ്കൂളുകളും സെമിനാരികളുമില്ലാതെ, പ്രകാശപ്രക്ഷേപിണിയും (പ്രൊജക്റ്ററും) കീർത്തനപുസ്തകങ്ങളുമില്ലാതെ ഉച്ചഭാഷിണിയും ടേപ്പും ഇല്ലാതെ, സൺഡേസ്കൂൾ പാഠ്യപദ്ധതിയും യുവശുശ്രൂഷകരുമില്ലാതെ, ആരാധനസംഘവും ഗായകസംഘവുമില്ലാതെ, കമ്പ്യൂട്ടറും കോപ്പി യന്ത്രങ്ങളുമില്ലാതെ, ക്രിസ്ത്യൻ റേഡിയോ, ടി.വി. പ്രോഗ്രാമുകളില്ലാതെ അനേകായിരം ക്രൈസ്തവപുസ്തകങ്ങളും വ്യക്തിപരമായി വേദപുസ്തകവും ഇല്ലാതെ പഴയ സഭ എങ്ങനെയാണ് അസംഖ്യം ശിഷ്യന്മാരെ നേടിയത്. ഈ പറഞ്ഞ യാതൊന്നും പഴയ സഭയ്ക്കും, യേശുവിനും ശിഷ്യന്മാരെ നേടാൻ അവശ്യമില്ലായിരുന്നു എങ്കിൽ ഇന്നും അതൊന്നും അത്യാവശ്യമല്ല. ഇവയൊക്കെ സഹായകരം തന്നെ പക്ഷേ ഒന്നും അത്യാവശ്യമല്ല. യഥാർത്ഥത്തിൽ ഇതൊക്കെ ഒരുപരിധിവരെ ശിഷ്യന്മാരെ നേടാനുള്ള ഉപാധികളെ തടസ്സപ്പെടുത്തുകയാണ്. ര് ഉദാഹരണങ്ങൾ നോക്കാം.

ഇന്ന് സഭാപരിപാലനത്തിന് ബൈബിൾ സ്കൂളിലോ, സെമിനാരിയിലോ പരിശീലനം നേടിയ പുരോഹിതന്മാർ വേണം. *പ ൗലോസിന് കേട്ടുകേൾവിപോലുമില്ലാത്ത കാര്യമായിരുന്നു ഇത്.* ചില പട്ടണങ്ങളിൽ സഭ സ്ഥാപിച്ചതിനുശേഷം ചില ആഴ്ചകളോ, മാസങ്ങളോളമോ കഴിഞ്ഞ് മടങ്ങിവരും. സഭാ പരിപാലിക്കാൻ മുപ്പന്മാരെ

ചുമതലപ്പെടുത്തും (ഉദാ.അപ്ര. 13:14, 14:23). പൗലോസിന്റെ അസാന്നിദ്ധ്യത്തിൽ മാസങ്ങളോളം ആ സഭകൾ നേതൃത്വമില്ലായിരുന്നു, സഭാപരിപാലനത്തിന് നിയമിക്കപ്പെട്ട മൂപ്പന്മാരൊക്കെയും വളരെ പ്രായം കുറഞ്ഞവാരായിരുന്നു. രാമൂന്നോ വർഷത്തെ പരിശിലനം നൽകിയിട്ടല്ല അവരെ മൂപ്പന്മാരായി നിയമിച്ചത്.

ശക്തമായ ദൈവികശുശ്രൂഷ നടത്തി സഭ പരിപാലിച്ചു കൊ ുപോകുന്ന പാസ്റ്റർ/മൂപ്പൻ/കാര്യവിചാരകൻ, ഇവർക്കാർക്കും ര ുമൂന്നുവർഷത്തെ ശുശ്രൂഷക്കായുള്ള പഠനം ആവശ്യമില്ലായെന്നു ബൈബിൾ പഠിപ്പിക്കുന്നു. ബുദ്ധിപരമായി ഇതിനെ വിമർശിക്കാൻ ആർക്കും സാധ്യമല്ല. എന്നാൽ ഒരു ശുശ്രൂഷകന് തീർച്ചയായും, രുമൂന്നു വർഷത്തെ പ്രാഥമിക പ ഠനം ആവശ്യമാണെന്നു ആധുനിക സഭ വ്യവസ്ഥചെയ്യുന്നു.[9]

ഇത് നടത്തിപ്പുകാരെ വാർത്തെടുക്കുന്നതിന്റെയും, ശിഷ്യന്മാരെ നേടുന്നതിന്റെ വേഗതയേയും, സഭയുടെ വളർച്ചയേയും സാരമായി ബാധിക്കും. അവോൺ ആംവെ മുതലായ അമേരിക്കൻ കമ്പനികളുടെ സെയിൽസ്മാന് പട്ടണത്തിൽ നടത്തപ്പെടുന്ന മുന്നു വർഷ പരിശീലനം പ ൂർത്തികരിച്ചിട്ടേ അവരുടെ സോപ്പ്, പെർഫ്യൂം മുതലായവ വില്ക്കാൻ അനുവദിക്കുകയുള്ളുഎന്ന് ശഠിച്ചിരുന്നെങ്കിൽ ഈ കമ്പനികളുടെ വിപണി എത്രമാത്രം ശോഷിച്ചു പോകുമായിരുന്നു!

**ഇടയ പിരിപാലനം കഠിനവും സങ്കീർണ്ണവുമാണ്** ചിലർ പറയാറു്. പുതുതായി മാനസാന്തരപ്പെട്ട ഒരുവനെ മൂപ്പന്റെ സ്ഥാനത്ത് വയ്ക്കരുത് എന്ന് വചനം പറയുന്നു. (1 തിമോ 3:6). ഒന്നാമത്, പുതുതായി മാനസാന്തരപ്പെട്ട് സഭയിൽ വന്ന ഒരു വ്യക്തിയുടെ കാര്യമാണിത്. പൗലോസിന്റെ നിഗമനം ഇതിൽനിന്നും വ്യത്യസ്തമാണ്. കാരണം മാനസാന്തരപ്പെട്ട് സഭയിൽ വന്നിട്ടു ചിലമാസങ്ങൾ മാത്രമായ വ്യക്തികൾക്ക് അദ്ദേഹം മൂപ്പൻ, ഇടയൻ, കാര്യവിചാരകൻ തുടങ്ങിയ പ്രഥമസ്ഥാനം നൽകിയിട്ടു്. രാമത്, വചനാടിസ്ഥാനത്തിലുള്ള മാതൃകയിൽനിന്ന് സഭയും ശുശ്രൂഷയും വളരെ അകന്നിരിക്കുന്നതു കൊ് ഇടയശുശ്രൂഷ കഠിനവും സങ്കീർണ്ണവും ആയിരിക്കുന്നു. അമാനുഷിക പ്രതിഭകൾക്കുമാത്രം പിടിച്ചുനിൽക്കാവുന്ന ഒരു തലത്തോളം നാം അതിനെ സങ്കീർണ്ണമാക്കിയിരിക്കുന്നു.

ബൈബിൾസ്കൂളിലോ സെമിനാരിയിലോ പഠിക്കാത്തവർ കാര്യവിചാരകന്മാരായിരിക്കുന്നത് ദൈവം വിലക്കിയിരിക്കുന്നു എന്നു

---

9 . തൊഴിലധിഷ്ഠിത പൗരോഹിത്യപരിശീലനം പല വലിയ രോഗങ്ങളുടേയും ലക്ഷണമാണ്. കാരണം ഇത് ആത്മികതയെ അറിവിന്റെ മറക്കുടയാക്കുന്നു. കൂടുതൽ പഠിച്ചവർ ആത്മിക പക്വതയുള്ളവരാണെന്ന് നാം കരുതുന്നു എന്നാൽ താൻ പഠിച്ച ദൈവികജ്ഞാനം അഹ ന്തയുടെ പരിവേഷം അണിയുന്നു. പൗലോസ് എഴുതുന്നു. അറിവ് ചീർക്കുന്നു. 1 കൊരി 8:1. ദിനം തോറും വിരസമായ പ്രഭാഷണം കേൾക്കുന്ന ഒരുവൻ രുമൂന്ന് വർഷങ്ങൾക്കുശേഷം അഴ്ചയിലൊരിക്കൽ അതേ മുഷിപ്പൻ പ്രഭാഷണം തുടരുന്നു.

ചിലർ പറയുന്നു.  പരിശീലനം ഇല്ലാത്ത ഇടയൻ തന്റെ ആടുകളെ തെറ്റായ രീതിയിൽ പഠിപ്പിക്കും.

എന്നാൽ പൗലോസിന്റെ കാഴ്ചപ്പാട് ഇതായിരുന്നില്ല. ഇന്ന് ബൈബിൾ സ്കൂളിൽനിന്നോ സെമിനാരിയിൽനിന്നോ പഠിച്ച് പരിശിശീലനം നേടിയ പുരോഹിതന്മാർ കന്യകയിൽ കർത്താവ് ജനിച്ചെന്ന് വിശ്വസിക്കുന്നില്ല, സ്വവർഗ്ഗരതിയെ അംഗീകരിച്ച്, ആഡംഭരപൂർണ്ണമായ വാഹനങ്ങൾ ഉപയോഗിക്കാൻ ദൈവം ആവശ്യപ്പെട്ടെന്നും, ദൈവം ചിലരെ ശപിക്കപ്പെട്ടവരായി മുന്നമേ വിധിച്ചിരിക്കുന്നു, ക്രിസ്തുവിനെ അനുസരിക്കാതെ തന്നെ ചിലർക്ക് സ്വർഗ്ഗ രാജ്യം മുൻനിർണ്ണയിച്ചിരിക്കുന്നു എന്നൊക്കെ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാണ് ഈ പ ുരോഹിതന്മാർ.

ഒരുസാധാരണവിശ്വാസിക്ക് അവരെ വെല്ലുവിളിക്കാൻ (ചോദ്യം ചെയ്യാൻ) ഭയമാണ്. കാരണം അവരുടെ വാദത്തെ സമർദ്ധിക്കാൻ സെമിനാരി പാണ്ഡിത്യവും, തെളിവുകൾ നിരത്താൻ ധാരാളം ഗ്രന്ഥങ്ങളും ്. ക്രിസ്തുവാം സഭയിൽനിന്നും തികച്ചും വിഭിന്നമായി സ്വന്തം തത്വസംഹിതപ്രകാരം ഇവർ പ്രവർത്തിക്കുന്നു.  ഞങ്ങൾ മറ്റുള്ള ക്രിസ്ത്യാന ികളിൽനിന്നും വിഭിന്നരാണ് എന്ന ലേബൽ അവരുടെ ആലയത്തിന്റെ മുന്നിൽതന്നെ സ്ഥാപിച്ചിരിക്കുന്നു. തർക്കമറ്റ തങ്ങളുടെ നിയമ പ്രമാണത്തോട് യോജിക്കാത്ത ഏതൊരുവ്യക്തിയും വിഭാഗികൻ എന്നു മുദ്രകുത്തപ്പെടുന്നു. മതപണ്ഡിതന്മാരായ മതനേതാക്കൾ മറ്റുള്ളവരെ മതദ്രോഹവിചാരണ നടത്തുന്നു.  പരസ്പരസ്നേഹത്തിലുടെ ലോകത്തിൽ അറിയപ്പെടണമെന്ന് ആഗ്രഹിച്ച യേശുവന്റെ ഉപദേശമാണോ വിശ്വാസികളെ നേടാൻ പ്രവർത്തിക്കുന്ന ഇക്കൂട്ടർ പിൻതുടരുന്നത്?

വിശ്വാസികൾ ഇന്ന് സഭയെ തിരഞ്ഞെടുക്കുന്നത് വ്യക്തമായ സഭാ പ്രമാണത്തിന്റെ അടിസ്ഥാനത്തിലാണ്.  ശരിയായ ജീവിതശൈലിയേക്കാൾ ഇന്ന് ശരിയായ വേദപഠനം ആവശ്യമായിരിക്കുന്നു കാരണം എല്ലാവരും വചനത്തിന്റെ വ്യക്തമായ മാതൃകയെ ഇക്കാര്യത്തിൽ അവഗണിച്ചിരിക്കയാണ് ചെയ്യുന്നത്.

## വചനപരമായ മറ്റൊരുമാർഗ്ഗം
## (A Biblical Alternative)

ഞാനും (പൗലോസ് ചെയ്തതു പോലെ) മൂന്നുമാസംമാത്രം വിശ്വാസജീവിതത്തിൽ പക്വതയുള്ള വ്യക്തികളെ നേതൃസ്ഥാനത്ത് നിർത്തണമെന്ന് വാദിക്കയാണോ?  അതെ, പക്ഷെ വചനാടിസ്ഥാനത്തിൽ ഒരു മൂപ്പനുവേ യോഗ്യത അയാൾ നേടിയിരിക്കണം. അവർ വചന അടിസ്ഥാനത്തിൽ മാതൃക കാട്ടുന്നവരാണെങ്കിൽമാത്രം. പുതുതായി സ്ഥാപിക്കപ്പെട്ട ആ സഭ ഒരു അപ്പോസ്തലനെപ്പോലെ പക്വതയുള്ള ഒരു

ശുശ്രൂഷകന് വിധേയപ്പെട്ടതാണെങ്കിൽ പുതുതായി നിയമിക്കപ്പെട്ട മൂപ്പന്മാർ തനിക്കു തോന്നിയ പ്രകാരം[10] പ്രവർത്തിക്കയില്ല.

രാമത്, ഈ സഭ, ആദിമസഭപോലെ ഒരുഭവനാങ്കണത്തിൽ കൂടുവാൻ കഴിയുന്നത്ര ചെറിയ ഒരു കൂട്ടായ്മ ആയിരിക്കണം.[11] ഇത് സഭകളെ കൂടുതൽ നിയന്ത്രണയോഗ്യമാക്കിത്തീർക്കും. അവിടെ മൂപ്പന്മാർ കാര്യക്ഷമമായി കാര്യങ്ങളെ കൈകാര്യം ചെയ്യുന്നു (1 തിമോ 3:4-5) സ്വന്തംകുടുംബത്തെ ഭരിപ്പാൻ അറിയാത്തവൻ എങ്ങിനെ ദൈവസഭയെ ഭരിക്കും.

മൂന്നാമത്, വചനാടിസ്ഥാനത്തിലുള്ള സുവിശേഷത്തെ ഏറ്റുപറഞ്ഞു വിശ്വസിച്ചവരായിരിക്കണം സഭയിൽ ഉായിരിക്കേത്, തന്മൂലം അവർ ക്രസ്തുവിന്റെ യാഥാർത്ഥ ശിഷ്യന്മാരായിത്തീരും. വെറും കോലാടുകളായിരി ക്കെ തങ്ങൾ ചെമ്മരിയാടുകളാണ്, ഇടയന്റെ യോഗ്യത ഉ് എന്നൊക്കെയുള്ള വെല്ലുവിളിയിൽനിന്നും നമുക്ക് രക്ഷനേടാം.

നാലാമത്, ഇടയൻ/മൂപ്പൻ/കാര്യവിചാരകൻ ഇവർ തങ്ങളുടെ സാംസ്കാരികമായ ചുമതലയേക്കാൾ വചനാടിസ്ഥാനത്തിലുള്ള ചുമതലയെ പിൻപറ്റുന്നവരായിരിക്കണം. അതായത് ആധുനീക സഭയിൽ[12] ചെയ്യുന്നതു പോലെ സർവ്വരുടേയും ശ്രദ്ധ കേന്ദ്രകരിക്കപ്പെടുന്ന ഒരു കാഴ്ചവസ്തുവായി ത്തീരരുത്. ക്രിസ്തുവാം സഭയുടെ ഒരു അവയവമാണ് താനെന്നും തന്റെ ജീവിത രീതിയിലൂടെ ക്രിസ്തവിന്റെ എളിയ ദാസനാണെന്നും, ശിഷ്യന്മാരെ നേടുകയും യേശുവിന്റെ മാതൃക പിൻപറ്റുകയാണ് തന്റെ ലക്ഷ്യം എന്നും മറക്കരുത്. വിശുദ്ധാരാധനയിൽ പ്രത്യക്ഷപ്പെടുന്ന ഒരിടയൻ വാഗ്മിയായ പ്രസംഗകനല്ല.

ഈ ഘടന പിൻതുടർന്നാൽ 3 മാസം പക്വതയെത്തിയ ഒരു വിശ്വാസിക്ക് സഭയുടെ മേൽവിചാരകനായിരിക്കാൻ കഴിയും.

---

10 . പൗലോസ് തിമോത്തിയോസിനും, തീത്തോസിനും എഴുതിയ പ്രഥമ ലേഖനത്തിൽ സഭയിലെ മൂപ്പന്മാരെ/കാര്യവിചാരകന്മാരെ നിയമിക്കാനുള്ള അധികാരം അവർക്ക് നൽകിയതായി കാണുന്നു. തിരഞ്ഞെടുക്കപ്പെട്ട അവരെ മിക്കപ്പോഴും സന്ദർശിച്ച് സഭാപരിപാലനത്തിനായി പ്രാപ്തിപ്പെടുത്തിപ്പോന്നു, പൗലോസിന്റെ ലേഖനത്തിലെ പ്രസ്താവന അവർ അനുസരിച്ചു. "നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്തമനുഷ്യരെ ഭരമേല്പിക്ക." 2 തിമോ 2:2:

11 . അപ്ര. 2:2, 46, 5:42, 8:3, 12:12, 15:40, 20:20, റോമ 16:15, 1 കൊരി.16:19, കൊലോ 4:15, ഫിലമോൻ 1:2, 2 യോഹ 1:10 നോക്കുക.

12 . സഭക്കുവേിയുള്ള പൗലോസിന്റെ ലേഖനങ്ങലെല്ലാം മൂപ്പന്മാർക്കോ, സഭാദ്ധ്യക്ഷ ന്മാർക്കോ വേിയല്ല, എല്ലാ സഭയിലുമുള്ള എല്ലാവർക്കും വേിയാണ്. രുലേഖനങ്ങൾ മാത്രമേ മുപ്പന്മാർക്കുവേിഎഴുതിയിട്ടുള്ളു. ഉദാഹരണമായി മുപ്പന്മാരെ, അദ്ധക്ഷന്മാരെ എന്ന് അഭിസംബോധന ചെയ്തിരിക്കുന്നു. (ഫിലി1:1), ശുശ്രൂഷകരിൽനിന്ന് ചിലരെ അപ്പോസ്തലന്മാരായും, ചിലരെ പ്രവാചകന്മാരായും, ചിലരെ ഇടയന്മാരായും, ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു (എഫേ 4:11-12) ആധുനിക സഭയിലെ പോലെ എല്ലാഉത്തരവാദിത്വവും ഇടയനിലും, മൂപ്പനിലുമല്ല നിക്ഷിപ്തമായിരിക്കുന്നത്.

## സഭാ ആലയങ്ങൾ
## (Church Buildings)

സഭാ ആലയങ്ങളെ (Church Buildings) കുറിച്ച് എന്താണഭിപ്രായം? ആധുനിക സഭയ്ക്ക് ഇത് അനിവാര്യമാണ്. പക്ഷേ, ആദിമ സഭക്ക് ഇത് ഉ ായിരുന്നില്ല. ശിഷ്യന്മാരെ വാർത്തെടുത്ത് അവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിൽ ഇതിന് എന്തെങ്കിലും പങ്ക് ഉോ? ഞാൻ ഒരു പാസ്റ്റർ ആയിരുന്നപ്പോൾ - ദല്ലാൾ, ബാങ്ക് നടത്തുന്നയാൾ, ഒരു കോൺട്രാക്ടർ, ഒരു പിരിവുകാരൻ, ഇതൊക്കെയാണ് ഞാനെന്ന് എനിക്കു തോന്നിയിട്ടു്. കെട്ടിടങ്ങളെ സ്വപ്നം കും പുതിയവ നിർമ്മിച്ചും, പഴയതിനെ പുതിയ രൂപത്തിൽ ആക്കിയും ചോർച്ചയുള്ളതിനെ പുതുക്കിപണിതും ഞാൻ പ്രവർത്തിച്ചു. കെട്ടിട നിർമ്മാണത്തിന് പണവും ഊർജ്ജവും ഏറെ ആവശ്യമാണ്. കെട്ടിടങ്ങളെ ചുറ്റിപ്പറ്റി എന്റെ സമയം ഏറെ ഞാൻ ചിലവഴിച്ചു. കാരണം മറ്റനേകം പാസ്റ്റർമാരെപോലെ ദൈവവേലയുടെ അടിസ്ഥാനഘടകം കെട്ടിടങ്ങളാണ് എന്നും സഭക്ക് കൂടിവരുവാനുള്ള സ്ഥലം മറ്റൊന്നല്ല, എന്നും ഞാനും വിശ്വസിച്ചിരുന്നു.

കെട്ടിടങ്ങൾക്ക് പണം ആവശ്യമാണ്. (അമേരിക്കൻ ഐക്യനാടുകളിലെ ചില കൂട്ടായ്മകൾ ലക്ഷോപലക്ഷം ഡോളറുകൾ സഭാ ആലയങ്ങൾ പണിയാൻ ചിലവിടുന്നു). എന്റെ സങ്കല്പം അനുസരിച്ച് സഭാഹാളുകൾ പണിയപ്പെടുന്നതായും അതിന്റെ കടങ്ങൾ എല്ലാം നികത്തുന്നതായും തന്മൂലം പണം എല്ലാം ശുശ്രൂഷക്കായി ചിലവിടുന്നതായും ഞാൻ സ്വപ്നം കാണാറു്. ഒരിക്കൽ മേൽവിചാരകത്വത്തെക്കുറിച്ചും കടത്തിൽനിന്നും മോചനം നേടുന്നതിനെകുറിച്ചും ഒരു കൂട്ടായ്മയിൽ ഞാൻ പഠിപ്പിച്ചുകൊിരിക്കുമ്പോൾ, ഞാൻ എല്ലാവരേയും ഒന്നിച്ച് കടക്കെണിയിൽ അകപ്പെടുത്തുന്നതായിത്തോന്നി (ഞാൻ യഥാർത്ഥ ഉദാഹരണസഹിതം പ ഠിപ്പിക്കുകയായിരുന്നു).

ആഴ്ചയിൽ ഒന്നോ രോ മണിക്കുർ മാത്രമാണ് ഈ ആലയങ്ങൾ ഉപയോഗിക്കപ്പെടുന്നത്. കുറച്ചു സമയത്തെ ഉപയോഗത്തിനു വേി കൂടുതൽ കെട്ടിടങ്ങളുള്ള പ്രസ്ഥാനം ഏതാണ്? (ഉത്തരം - ആചാരത്തിനും ആരാധന ക്കും വേി ഉാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങൾ).

പണം തിന്നുന്ന ഈ കെട്ടിടങ്ങൾ വലിയ പ്രശ്നമാണ്. വലിയ കെട്ടിടങ്ങളുള്ള ഒരുദൈവദാസന് ധാരാളം പണം ആവശ്യമാണ്, ഇത് തന്റെ പ്രവർത്തനത്തേയും സാരമായി ബാധിക്കുന്നു. സമ്പന്നർക്ക് ഭക്ഷണം വിളമ്പുക (പലപ്പോഴും ഒരു ത്യാഗവും കൂടാതെ ചെയ്യുന്നു) ആരെയെങ്കിലും മുറിപ്പെടുത്തിയ വിഷയങ്ങളുങ്കെിൽ അതിനായി അനുരജ്ഞനം നടത്തുക, അങ്ങനെ വചനത്തെത്തന്നെ വളച്ചൊടിച്ച് ലക്ഷ്യം നേടുക. പണത്തിന്റെ ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന ഒരു വിഷയവും പ്രസംഗത്തിൽ വന്നുകൂടാ,

തന്നെയുമല്ല പണത്തിന്റെ ഒഴുക്കിനെ പ്രോത്സാഹിപ്പിക്കുകയും വേണം. ഇതിന്റെ അടിസ്ഥാനത്തിൽ വിശ്വാസികൾ ഭൂരിപക്ഷവും പ്രത്യേകമായ വിശ്വാസപ്രമാണത്തിൽ എത്തിച്ചേരുന്നു. 1) ദശാംശം കൊടുക്കുക (യേശു ഇതിനെ വളരെ ചെറിയ പ്രാധാന്യമുള്ള കല്പനയായിമാത്രമേ കുള്ളു. 2) ആലയത്തിൽ മുടങ്ങതെയെത്തുക (ഓരോ അഴ്ചയും ദശാംശം കൃത്യമായി ശേഖരിക്കപ്പെടുന്നു) ഇതൊന്നും ശിഷ്യന്മാരെ നേടുന്നതിന്റെ വഴികളല്ല. മിക്ക പാസ്റ്റർമാരും ഈ രുകാര്യങ്ങൾക്ക് ഊന്നൽ നൽകി തന്റെ കൂട്ടായ്മയെ വളർത്തുവാൻ ആഗ്രഹിക്കുന്നു. ഒരു സഭയിലെ വിശ്വാസികളിൽ പകുതി ഈ രു കാര്യങ്ങൾ ചെയ്യുന്നവാരാണെങ്കിൽ, ആസഭയിലെ പാസ്റ്റർക്ക് തന്റെ ശുശ്രൂഷയുടെ വിജയരഹസ്യം പുസ്തകമാക്കി അനേകം പാസ്റ്റർമാർക്ക് വിതരണം ചെയ്യുവാൻ കഴിയും!

എന്നാൽ യാഥാർത്ഥ്യങ്ങളിലേക്കു ഒന്നുകണ്ണോടിക്കാം: *അപ്പോസ്തല പ്രവർത്തികളുടെ പുസ്തകത്തിൽ ഒരു കൂട്ടായ്മയും സ്ഥലം വാങ്ങുകയോ, ആലയം പണിയുകയോ ചെയ്തതായി രേഖയില്ല. മിക്കപ്പോഴും വിശ്വാസികൾ ഭവനങ്ങളിൽ*[13] കൂട്ടായ്മ ആചരിച്ചുപോന്നു. കെട്ടിടങ്ങൾക്കുവേി പണം പിരിച്ചതായി ഒരറിവുമില്ല. ആലയം പണിയുക എന്ന കർമ്മത്തിന് ഒരു നിർദ്ദേശവും അപ്പോസ്തലപ്രവർത്തികളിൽ കാണുന്നില്ല. കൂടാതെ ക്രിസ്തുമതത്തിന് 300 വർഷം തികയുന്നതുവരെ ആരും ഒരു ആരാധനാലയം പണിയുന്നതിനെകുറിച്ച് ചി ന്തിച്ചിരുന്നുപോലുമില്ല, കോൺസ്റ്റൻന്റയിൻ രാജാവിന്റെ രാജശാസനം ഉ ാകുന്നതു വരെ. 300 വർഷം! എത്ര ദൈർഘ്യം! സഭാപീഠനത്തിന്റെ കാലഘട്ടത്തിൽ പോലും കെട്ടിടങ്ങൾ ഒന്നു പോലുമില്ലാതെ സഭ ശക്തമായി വളർന്നു വികസിച്ചു കൊിരുന്നു. ഈ മാതൃക നൂറ്റാുകൾ പ ിൻതുടർന്നുപോന്നു. സമീപ ഭാവിയിൽ ചൈനയിൽ ഇത് ആരംഭിച്ചു. കോടിക്കണത്തിന് ഭവന കൂട്ടായ്മകൾ ഇന്ന് ചൈനയില്ു.

## ഞായറാഴ്ച 11 മണി ഏറ്റവും വേർതിരിക്കപ്പെട്ട സമയം
## (Eleven O'Clock Sunday is the Most Segregated Hour)

ആധുനിക സഭ അമേരിക്കൻ സംവിധാനത്തെ മാതൃകയാക്കാൻ ശ്രമിക്കുകയാണ്. വ്യത്യസ്തപ്രായത്തിനും ശുശ്രൂഷക്കും അനുസരണമായി വ്യത്യസ്ത സ്ഥലങ്ങൾ ആലയത്തിൽതന്നെ വേർതിരിക്കപ്പെട്ടിരിക്കുന്നു. പ്രാചീനസഭകളിൽ സ്ത്രീ പുരുഷന്മാർക്കോ, കുട്ടികൾക്കോ, പ്രത്യേകം വേർതിരിക്കപ്പെട്ട സ്ഥലങ്ങൾ ആലയത്തിൽ ഇായിരുന്നതായി കേട്ടുകേൾവി പോലുമില്ലായിരുന്നു. ഏതുരീതിയിലും സഭ ഏകീകരിക്കപ്പെട്ടിരുന്നു. വിഭാഗീയത ഉായിരുന്നില്ല. കുടുംബഐക്യം ശക്തവും, ആത്മീകബന്ധം പ്രബലവും, ഇന്നത്തെ സഭകളിൽ നിന്നുതികച്ചും വ്യത്യസ്തവും ആയിരുന്നു.

---

[13] . അപ്ര 2:2, 46; 5:42; 8:3, 12:12, 16:40, 20:20 റോമ 16:15, 1 കൊരി 16:19, കൊലോ 4:15, ഫിലമോൻ 1:2, 2 യോഹ 1:10 – കാണുക.

ആധുനിക ആലയങ്ങൾ ശിഷ്യന്മാരെ വാർത്തെടുക്കുന്നതിനെ പോഷിപ്പിക്കുന്നുവോ? അതോ, ശോഷിപ്പിക്കുന്നുവോ? ചരിത്രം സത്യം വെളിപ്പെടുത്തുന്നു. ആലയങ്ങൾ ഇല്ലാതിരുന്നകാലത്ത് കൂടുതൽ പുരോഗതി ആർജ്ജിച്ചിരുന്നു.

ആദിമ മൂന്നു നൂറ്റാണ്ടുകളിലെ സഭായോഗങ്ങൾ, അഞ്ചാറുമണിക്കൂർ തുടരുന്നതും, വിശ്വാസികൾക്ക് ആത്മീകവളർച്ച നൽകുന്നതും, പഠനം, ആത്മീകഗീതങ്ങൾ ആത്മാവിന്റെ ഫലങ്ങൾ ഭൗതിക ആഹാരം ഇത്യാദികളാൽ സന്തോഷപ്രദമായിരുന്നു. അന്ന് വിശ്വാസികൾ മുഖത്തോടുമുഖംനോക്കി ഇരുന്ന് ആരാധിച്ചിരുന്നു. എന്നാൽ ഇന്ന് ഒരുതിയേറ്ററിലെ സ്ക്രീനിലേക്ക് നോക്കിയിരിക്കുന്നവരുടെ തലയുടെ പ ിൻഭാഗം കാണുന്നതുപോലെ അപരിചിതന്മാരായ ഒരുകൂട്ടം ആളുകളുടെ സംഗമമായി ഇന്ന് അത് മാറിയിരിക്കുന്നു.

പ്രാചീനസഭകളിൽ പഠനങ്ങൾ ചോദ്യോത്തരരൂപത്തിലും, തുറന്ന ചർച്ചാരൂപത്തിലും ആയിരുന്നു. ഇന്നത്തെപ്പോലെ പ്രത്യേക വസ്ത്രങ്ങൾ ധരിച്ച പുരോഹിതന്മാർ ഭയഭക്തിയോടിരിക്കുന്ന ശ്രോതാക്കൾക്കുവേ നടത്തുന്ന തിയേറ്റർപ്രസംഗങ്ങൾ ആയിരുന്നില്ല, പാസ്റ്റർമാർ ഒരിക്കലും ഒരു വാരാന്ത്യ പ്രസംഗം തയ്യാറാക്കിയിരുന്നില്ല. പരിശുദ്ധാത്മാവിലൂടെ പ ുതിയ പഠനം ഏവർക്കും (മൂപ്പൻ, പാസ്റ്റർ, കാര്യവിചാരകൻ ഉൾപ്പെടെ) ലഭ്യമായിരുന്നു.

ഒരു ഭവനം തിരക്കുള്ളതാകുമ്പോൾ, മൂപ്പന്മാർ വലിയ ഒരു കെട്ടിട ത്തിനുവേ അന്വേഷിച്ചിറങ്ങിയില്ല. ഈ കൂട്ടം രായി പിരിയണമെന്നും നടപ്പുകാരനായി ഒരുവൻ ഉാകണമെന്നും ഏവരും അറിഞ്ഞിരുന്നു. കൂട്ടത്തിൽനിന്നും വേർപിരിയപ്പെടുന്ന പുതിയ കൂട്ടായ്മയുടെ നേതൃത്വം എങ്ങിനെയാകണമെന്നും പുതിയ കൂട്ടായ്മയിലെ ആടുകൾ എങ്ങിനെ നടത്തപ്പെടണമെന്നും അവർക്കു ദർശനമുായിരുന്നു. ആ പുതിയ കൂട്ടായ്മ സുവിശേഷം എത്തിപ്പെടാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കയും അവിശ്വാസികളായ ജനത്തോടു വിശ്വാസികളായ തങ്ങളുടെ ജീവിതമാതൃക പങ്കുവെക്കു കയും പരസ്പരം സ്നേഹിക്കുകയും ചെയ്തിരുന്നു. ഒരു വിരുന്നിന് ക്ഷണിക്കുന്ന ലാഘവത്തോടെ അവിശ്വാസികളെ കൂട്ടായ്മക്കായി ക്ഷണിക്കയും ചെയ്തിരുന്നു.

## അനുഗ്രഹിക്കപ്പെട്ട ഇടയൻ
## (The Blessed Pastor)

ഭവനത്തിൽകൂടുന്ന സഭയിലെ അധികാരികളായ പാസ്റ്റർ, മൂപ്പൻ, മേൽവിചാരകൻ ആരും തന്നെ തങ്ങളുടെ ഉത്തരവാദിത്വത്തിന്റെ ആധിക്യത്താൽ ഇന്നത്തെ സഭാനേതാക്കന്മാരെപ്പോലെ സമ്മർദ്ദത്തിൽ

അകപ്പെട്ടിരുന്നില്ല. (അമേരിക്കയിൽ ഏകദേശം 1800 പാസ്റ്റർമാർ ഓരോ മാസവും ശുശ്രൂഷ ഉപേക്ഷിച്ച് പോകുന്നതായി ഒരുപഠനം റിപ്പോർട്ട് ചെയ്യുന്നു). ഒരുചെറിയ കൂട്ടത്തെ പരിപാലിച്ച്, നടത്തുന്ന ചുമതലയേ അവർക്കുള്ളു. ശുശ്രൂഷക്ക് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭിച്ചുകഴിഞ്ഞാൽ, ഇടയന് പ്രാർത്ഥിക്കാനും, ധ്യാനിക്കാനും, അവിശ്വാസികളോടു സുവിശേഷം പങ്കുവക്കാനും, പാവപ്പെട്ടവരെ സഹായിക്കാനും, രോഗികളെ സന്ദർശിച്ച് അവർക്കായി പ്രാർത്ഥിക്കാനും, പുതിയ ശിഷ്യന്മാരെ ദൈവവേലക്ക് ഒരുക്കുവാനും അവശ്യാനുസരണം സമയം ലഭ്യമാകുന്നു. തന്മൂലം സഭാപരിപാലനം വളരെ ലളിതമായിമാറുന്നു.

ആ സ്ഥലത്തുള്ള മറ്റുമൂപ്പന്മാർ, ഇടയന്മാർ, മേൽവിചാരകന്മാർ ഇവരോടു ചേർന്നു ഐക്യത്തോടുപ്രവർത്തിക്കുന്നു. പട്ടണത്തിലെ വലിയ സഭ, എന്ന അവകാശവാദമോ, നല്ല യുവജന ശുശ്രൂഷയുള്ള സഭ എന്റെതാണെന്ന് മത്സരിക്കുന്ന ഇടയന്മാരേയോ, നല്ല പ്രോഗ്രാമുകൾ അവതരിപ്പിക്കുന്ന കുട്ടികൾ എന്റെ സഭയിലാണ് എന്നൊക്കെ വ്യത്യസ്തമായ വാദമുഖങ്ങൾ അവരുടെ ഇടയിൽ ഉായിരുന്നില്ല. ആരാധന നയിച്ചവരുടെ വൈഭവം, പാസ്റ്ററുടെ കഴിവുകൾ ഇതൊക്കെ വിലയിരുത്താൻ വേി ഒരുവിശ്വാസിയും സഭയിൽ പോകാറില്ലായിരുന്നു, ഒപ്പം ഭക്ഷിച്ചും ദൈവത്തിന്റെ ദാനങ്ങൾ പരസ്പരം പങ്കുവച്ചും അവർ ജീവിച്ചുപോന്നു. യേശുവിനെ അനുസരിക്കയും, ന്യായാ സനത്തിനുമുമ്പിൽ നില്ക്കുവാനുള്ള പ്രാഗല്ഭ്യം നിലനിർത്തുകയായിരുന്നു അവരുടെ ലക്ഷ്യം. ആ സഭകളിൽ പ്രശ്നങ്ങൾ ഉായിരുന്നുഎന്ന് ലേഖനങ്ങളിൽനിന്നും നാം വായിച്ചറിയുന്നു. എന്നാൽ ആധുനികസഭകളെ കളങ്കപ്പെടുത്തുകയും, ശിഷ്യന്മാരെ വാർത്തെടുക്കുന്നതിന് തടസ്സം നില്ക്കുകയും ചെയ്യുന്ന ഇന്നത്തെ പ്രവണതകൾ അന്നത്തെസഭകളിൽ കേട്ടുകേൾവി പോലുമുായിരുന്നില്ല കാരണം മൂന്നാം നൂറ്റാിനുശേഷം സ്ഥാപിതമായ സഭയിൽനിന്നും കെട്ടിലും മട്ടിലും തികച്ചും വ്യത്യസ്തമായിരുന്നു പ്രാചീനസഭകൾ. *നാലാം നൂറ്റാിന്റെ തുടക്കംവരെ സഭാകെട്ടിടങ്ങൾ ഉായിരുന്നില്ല. നിങ്ങൾ ആദ്യ മൂന്നുനൂറ്റാുകൾക്കുള്ളിൽ ജീവിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ നിങ്ങളുടെ ശുശ്രൂഷ ഇന്നത്തേതിൻനിന്നും എത്രമാത്രം വിഭിന്നമാകുമായിരുന്നു.*

ചുരുക്കത്തിൽ വചനാടിസ്ഥാനത്തെ നാം എത്രമാത്രം പിൻപറ്റുമോ, അത്രമാത്രം ശിഷ്യന്മാരെ നേടുക എന്ന പ്രക്രിയയിൽ നാം പ്രാപ്തരാകും. സഭക്ക് വചനാടിസ്ഥാനത്തിലല്ലാത്ത പ്രായോഗികതയും അഭ്യാസങ്ങളും പിൻതുടരുന്നതുകൊാണ് ശിഷ്യന്മാരെ നേടുവാൻകഴിയാത്ത പ്രതിസന്ധി സൃഷ്ടിക്കപ്പെടുന്നത്.